മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യു കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നം.NREGA/148/2024-A4 തീയതി : 26-01-2024

**സർക്കുലർ**

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) -ഭിന്നശേഷി വിഭാഗങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി കൂടുതൽ പ്രയോജനപ്രദമാകുന്ന വിധത്തിൽ നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

സൂചന: 1. ബഹു.എം.എൽ.എ ശ്രീ.കുറുക്കോളി മൊയ്തീൻ CMOPORTAL മുഖേന സമർപ്പിച്ചിട്ടുള്ള പരാതി.

2 കേന്ദ്ര സർക്കാർ 2013 ൽ പുറപ്പെടുവിച്ച പ്രവർത്തന മാർഗ്ഗരേഖ

ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ ഉറപ്പാക്കുകയും അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിടുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീയോ , ഭിന്നശേഷിയുള്ള ആളോ , മുതിർന്ന വ്യക്തിയോ , ബന്ധിത തൊഴിൽ സമ്പ്രദായത്തിൽ നിന്നും വിമോചിക്കപ്പെട്ട തൊഴിലാളിയോ , പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരോ, എച്ച്.ഐ.വി ബാധിതരോ ആണെങ്കിൽ അവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതിന്റെ പ്രാധാന്യം തൊഴിലുറപ്പ് നിയമത്തിൽ തന്നെ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ ടി വിഭാഗത്തിൽപ്പെട്ടവരുടെ പങ്കാളിത്തം പദ്ധതിയിൽ ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിൽ അന്വേഷിക്കുന്ന വ്യക്തി ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീയോ, ഭിന്നശേഷിയുള്ള ആളോ, മുതിർന്ന വ്യക്തിയോ, ബന്ധിത തൊഴിൽ സമ്പ്രദായത്തിൽ നിന്നും വിമോചിക്കപ്പെട്ട തൊഴിലാളിയോ, പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരോ, എച്ച്.ഐ.വി ബാധിതരോ ആണെങ്കിൽ അവർക്ക് ജോലി നൽകുന്നതിലും ജോലിയുടെ മൂല്യ നിർണ്ണയത്തിലും പണിസ്ഥലത്തെ സൌകര്യങ്ങളിലും ഏതിലായിരുന്നാലും പ്രത്യേക സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഒരു പ്രത്യേക നിറത്തിലുള്ള സ്പെഷ്യൽ തൊഴിൽ കാർഡ് നൽകേണ്ടതാണ്.
2. ടി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് ആവശ്യകതയ്ക്ക് അനുസരിച്ച് തൊഴിൽ നൽകാൻ പാകത്തിന് അവിദഗ്ധ തൊഴിൽ ഘടകം ഏറെയുള്ള ഒരു പൊതു പ്രവൃത്തിയെങ്കിലും കുറഞ്ഞപക്ഷം എപ്പോഴും സജ്ജമാക്കിയിരിക്കേണ്ടതും ടി തൊഴിലാളികൾ സംഘടിതമായി തൊഴിൽ ആവശ്യപ്പെടുകയാണെങ്കിൽ തൊഴിൽ അനുവദിക്കേണ്ടതും മറ്റ് തൊഴിലാളികൾക്ക് അനുവദിക്കുന്ന വേതന നിരക്കിൽത്തന്നെ തുക അനുവദിക്കേണ്ടതുമാണ്.
3. ഭിന്നശേഷി/പ്രത്യേക ജനവിഭാഗത്തിൽപ്പെട്ടവർ തൊഴിൽ ആവശ്യപ്പെടുന്ന പക്ഷം യാത്രാ സൌകര്യം പരിഗണിച്ച് അവർക്ക് വീടിനു അടുത്തുതന്നെ തൊഴിൽ അനുവദിച്ച് നൽകേണ്ടതാണ്. ഭിന്ന ശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾ ജോലിക്ക് വരുന്നപക്ഷം അവർക്കും ഈ പ്രത്യേക പരിഗണന നൽകേണ്ടതാണ്.
4. തൊഴിലുറപ്പ് ജോലികളിൽ അനുവദനീയമായിട്ടുള്ള ആയുധങ്ങൾ ഭിന്നശേഷി/പ്രത്യേക ജനവിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ മാറ്റം വരുത്തി നൽകാവുന്നതാണ്.
5. ഭിന്നശേഷി/പ്രത്യേക ജനവിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ അവരുടെ തൊഴിൽ കാർഡിൽ

ഉൾപ്പെടുത്തിയിട്ടുള്ള പേര് മാത്രമാണ് മറ്റ് തൊഴിലാളികൾ വിളിക്കുകന്നത് എന്ന് ഉറപ്പാക്കേണ്ടതും ഒരു തരത്തിലുള്ള അധിക്ഷേപങ്ങൾ ടി തൊഴിലാളികൾക്ക് നേരെ ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

6. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എല്ലാ മാസവും അവലോകനയോഗങ്ങൾ നടത്തേണ്ടതും ഭിന്നശേഷി/പ്രത്യേക ജനവിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് സമയബന്ധിതമായി 100 തൊഴിൽ ദിനങ്ങൾ നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7. ഭിന്നശേഷിക്കാരായ തൊഴിലാളികൾക്ക് 2 0 1 3 ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രവർത്തനമാർഗ്ഗരേഖ ഖണ്ഡിക 9.9 പ്രകാരമുള്ള അനുയോജ്യമായ പ്രവൃത്തികളാണ് അനുവദിച്ച് നൽകുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ് (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു). ഭിന്നശേഷിക്കാരായ തൊഴിലാളികൾക്ക് ഇപ്രകാരം അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തി നൽകുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ സാങ്കേതികവിഭാഗം ജീവനക്കാർ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി/സെക്രട്ടറി, ബ്ലോക്ക് പ്രോഗ്രാം ഓഫിസർ എന്നിവർ ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ ഫീൽഡ് തലത്തിൽ കർശനമായി പാലിക്കപ്പെടുന്നു എന്നു ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്.

Signed by
Nizamudeen A I A S
Date: 26-01-2024 12:07:58

NIZAMUDEEN A I A S
MISSION DIRECTOR

പകർപ്പ് :-

1. എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും.
2. എല്ലാ ഓംബുഡ്സ്മാൻമാർക്കും.
3. എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും(ജെ.പി.സി മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(ജെ.പി.സി മുഖേന)
5. സ്റ്റേറ്റ് ഐ.ടി.പി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി